(സി) ഉണ്ട്.

(ഡി) 2015-16 അദ്ധ്യയവർഷംമുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലവനായി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, കേരള മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ കൊച്ചി ശാസ്ത്ര സാങ്കേതിക, സംസ്കൃത സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, പരീക്ഷ കൺട്രോളർമാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളാണ്.

ഭൂമിയുടെ ന്യായവില

19 (*259) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) നിശ്ചയിക്കപ്പെട്ട ന്യായവില അപര്യാപ്തമാണെങ്കിൽ അപ്പീൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് ;

(സി) അപ്പീൽ നൽകുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 6-3-2010-ൽ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1-4-2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 14-11-2014-ലെ ജി.ഒ (പി)നം.188/14/റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം 50 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള മുദ്രപത്ര നിയമം 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിൽ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂ ഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ (5) ഉപവകുപ്പിൽ വ്യവസ്ഥയുണ്ട്. (വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(സി&ഡി) കേരള മുദ്രപത്ര നിയമം 28 എ വകുപ്പിന്റെ ഉപവകുപ്പ് (4) പ്രകാരം ന്യായവില വിജ്ഞാപനം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ, ഒരു വർഷത്തെ നിശ്ചിത കാലാവധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലുകളും സമയത്ത് അപേക്ഷ സമർപ്പിക്കാത്തതിന്റെ കാരണം ന്യായയുക്തമാണെങ്കിൽ 28 എ വകുപ്പിന്റെ ഉപവകുപ്പ് (4) ന്റെ പ്രൊവിസോ പ്രകാരം കളക്ടർക്ക് നടപടി സ്വീകരിയ്ക്കാവുന്നതാണ്. 2013-ലെ ഫിനാൻസ് ആക്ട് പ്രകാരം ഇപ്രകാരം അപ്പീൽ കാലാവധിയിൽ ഇളവു നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ സമയപരിധി വീണ്ടും വർദ്ധിപ്പിക്കേണ്ടതായ ആവശ്യമില്ല.

അവശ്യസാധനങ്ങളുടെ വില നിയന്ത്രണം

20 (*260) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എ. കെ. ബാലൻ</u> :
<u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വില വർദ്ധന കാരണം കുടുബ ബജറ്റുകൾ തകർന്ന് ജനജീവിതം ദുസ്സഹമായി എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വില നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന ആവർത്തിച്ചുള്ള പ്രഖ്യാപനം നടപ്പിലാവാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly